## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6855

02.11.2011- ൽ
മറുപടിയ്ക്ക്

### അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയവരുടെ സീനിയോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ അന്തർജില്ല സ്ഥലം മാറ്റം കരസ്ഥമാക്കിയവരിൽ ചിലർ നിയമവിരുദ്ധമായി സീനിയോറിറ്റി സംരക്ഷിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിന്നും അനുകൂലമായി വന്ന വിധിക്കെതിരെ സർക്കാർ അപ്പീൽ പോകണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ശുപാർശ ചെയ്തിരുന്നോ ; | (ബി) | ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ എന്നാണ് ഉത്തരവിട്ടത് ; അപ്പീൽ ഫയൽ ചെയ്തിരിന്നോയെന്ന് വ്യക്തമാ ക്കാമോ ; | (സി) | 28.07.2011നാണ് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാൻ ബഹു. വിദ്യാഭ്യാസ മന്ത്രി ഉത്തരവിട്ടത്. അപ്പീൽ ഫയൽ ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു അഡ്വക്കേറ്റ് ജനറലിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അപ്പീൽ ഫയൽ ചെയ്തിട്ടില്ലെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; അവർക്കെതിരെ നടപടി സ്വീകരിക്കുമോ ; | (ഡി) | ബാധകമല്ല. |
| (ഇ) | പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ